ഹരിതകേരളം മിഷൻ
കേരള സർക്കാർ

13.12.2019

# പത്രക്കുറിപ്പ്

## ഇനി ഞാനൊഴുകട്ടെ : ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പിന് ഇന്ന് (14.12.2019) തുടക്കം

തദ്ദേശ സ്വയംഭരണണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ഇനിഞാനൊഴുകട്ടെ: നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പിന് സംസ്ഥാന വ്യാപകമായി ഇന്ന് (14.12.2019) തുടക്കമാകും. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പ്രധാനപ്പെട്ട തോടോ നീർച്ചാലോ തെരഞ്ഞെടുത്ത് ജനകീയമായി ശുചീകരിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനാണ് ഈ മാസം 22 വരെ നീണ്ടുനിൽക്കുന്ന കാമ്പയിനിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. 1000 നീർച്ചാൽ വീണ്ടെടുക്കാൻ ലക്ഷ്യമിട്ട് തുടങ്ങിയ യജ്ഞത്തിൽ ഇപ്പോൾ 1079 എണ്ണം വീണ്ടെടുക്കാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. കാമ്പയിൻ അവസാനിക്കുമ്പോൾ 1300 നീർച്ചാലുകളുടെ വീണ്ടെടുപ്പ് സാധ്യമാവുമെന്നാണ് പ്രതീക്ഷ.

തിരുവനന്തപുരം - 115, കൊല്ലം -74, പത്തനംതിട്ട - 65, ആലപ്പുഴ - 80, കോട്ടയം - 79, ഇടുക്കി- 49, എറണാകുളം - 51, തൃശൂർ - 97, പാലക്കാട് - 95, മലപ്പുറം - 110, കോഴിക്കോട്- 98, വയനാട് - 28, കണ്ണൂർ -89, കാസർഗോഡ് - 49 എന്നിങ്ങനെയാണ് ഓരോ ജില്ലകളിലും വീണ്ടെടുക്കുന്ന നീർച്ചാലുകളുടെ എണ്ണം. ആകെ 1982 കി.മീ ദൂരം നീർച്ചാലുകൾ ഇതിലൂടെ വീണ്ടെടുക്കും. സർക്കാർ, സർക്കാർ ഇതര വകുപ്പുകൾ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, രാഷ്ട്രീയ യുവജന സാമൂഹ്യപ്രസ്ഥാനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻ.എസ്.എസ്, എസ്.പി.സി, സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായികൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും അണി നിരത്തിയാണ് നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് സംഘടിപ്പിക്കുന്നത്. തുടർ പ്രവർത്തനങ്ങളും പരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ നടത്തും. തെരഞ്ഞെടുക്കപ്പെട്ട തോട്, നീർച്ചാൽ എന്നിവ കടന്നുപോകുന്ന വാർഡുകളിൽ പ്രത്യേക പ്രാദേശിക സംഘാടക സമിതി രൂപീകരിച്ചാണ് പ്രവർത്തിക്കുന്നത്. നീർച്ചാലുകൾ വീണ്ടും മലിനപ്പെടാതിരിക്കാനായി ബോധവൽക്കരണം, പാർശ്വ സംരക്ഷണത്തിനായി ജൈവ രീതികൾ, നീർത്തടാധിഷ്ഠിത ആസൂത്രണത്തിലൂടെ കൈവഴികളുടെയും വൃഷ്ടി പ്രദേശത്തിന്റെയും സംരക്ഷണം, വളർച്ചാ പ്രതിരോധ പ്രവർത്തനമെന്ന നിലയിൽ തടയണ നിർമ്മാണം തുടങ്ങിയവയും കാമ്പയിന്റെ തുടർ പ്രവർത്തനമായി നടത്തും.

തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം പൂവച്ചലിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധുവും കൊല്ലം ജില്ലാതല ഉദ്ഘാടനം നെടുമ്പ്രം ഗ്രാമപഞ്ചായത്തിൽ പഴങ്ങാലം തോട് വീണ്ടെടുപ്പിൽ ഫിഷറീസ് വകുപ്പ് മന്ത്രി മേഴ്സിക്കുട്ടിയമ്മയും പത്തനംതിട്ട ജില്ലയിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ മേലേച്ചിറ വലിയതോട് വീണ്ടെടുപ്പിൽ വീണാ ജോർജ്ജ് എം.എൽ.എയും ആലപ്പുഴ ജില്ലയിൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ ധനമന്ത്രി ഡോ.തോമസ് ഐസകും കോട്ടയം ജില്ലയിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഭക്ഷ്യമന്ത്രി പി.തിലോത്തമനും ഇടുക്കി ജില്ലയിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ മുതിരപ്പുഴയാർ വീണ്ടെടുപ്പിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ പൗലോസും എറണാകുളത്ത് രായമംഗലം ഗ്രാമപഞ്ചായത്തിലെ ഇരപ്പ് തോട് - വെള്ളച്ചാട്ടം വീണ്ടെടുപ്പിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോളി കുര്യാക്കോസും തൃശൂരിൽ തോളൂർ ഗ്രാമപഞ്ചായത്തിലെ കാളിപ്പാടം തോട് വീണ്ടെടുപ്പിൽ തദ്ദേശ സ്വയംഭരണ മന്ത്രി എ.സി.മൊയ്തീനും പാലക്കാട് ജില്ലയിൽ ശ്രീകൃഷ്ണപുരം വിലമ്പിലി മംഗലത്ത് ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടിയും മലപ്പുറത്ത് തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ വലിയതോട് വീണ്ടെടുപ്പിൽ പി.വി.ഉമ്മർ എം.എൽ.എയും കോഴിക്കോട് ജില്ലയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ മണാൽത്തോട് ചെറുപുഴ വീണ്ടെടുപ്പിൽ തൊഴിൽ -എക്സൈസ് വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണനും വയനാട് ജില്ലയിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ അറയ്ക്കൽ തോട് വീണ്ടെടുപ്പിൽ സി.കെ.ശശീന്ദ്രൻ എം.എൽ.എയും കണ്ണൂർ ജില്ലയിൽ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ കൊല്ലംചിറയിൽ തുറമുഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും കാസർഗോഡ് ജില്ലയിൽ പുല്ലൂർ പെരിയ പഞ്ചായത്തിൽ കെ.കുഞ്ഞിരാമൻ എം.എൽ.എയും ജില്ലാതല ഉദ്ഘാടനം നിർവഹിക്കും.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

 റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in M912